**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1751** **15-03-2022 - ൽ മറുപടിയ്ക്ക്**

**ആശ്വാസ കിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കിടപ്പിലായ രോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന ആശ്വാസകിരണം പദ്ധതിയിൽ 2018 മുതൽ ലഭിച്ച അപേക്ഷകളിൽ തീരുമാനമായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കാമോ; | (എ) | സ.ഉ. (എം.എസ്) നം.60/2012/സാക്ഷേവ തീയതി 11.10.2012 ലെ ഉത്തരവ് പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, 100% അന്ധത എന്നിവയ്ക്ക് പുറമേ പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം ടി പദ്ധതിയിലെ അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാവുകയും ചെയ്തു. ആശ്വാസകിരണം പദ്ധതി പ്രകാരം 2018 മാർച്ച് മാസം വരെ ലഭിച്ച അപേക്ഷകളിന്മേലാണ് തീർപ്പ് കൽപ്പിച്ചിട്ടുള്ളത്. അപേക്ഷകരുടെ എണ്ണം വർഷംതോറും ക്രമാതീതമായി വർദ്ധിക്കുന്നത് മൂലം ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധികധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്. |
| (ബി) | ധനസഹായം ലഭിക്കാത്തതു മൂലം രോഗികൾക്കും അവരെ പരിചരിക്കുന്നവർക്കും ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ പരിഹരിച്ച് അടിയന്തരമായി കുടിശ്ശിക വിതരണം ചെയ്യുമോ; | (ബി) | ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വളരെ കൂടി വരുന്നതിനാൽ അധിക ധനവിനിയോഗം മുഖേന അധിക തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ലഭ്യമായ അപേക്ഷകൾ പദ്ധതി മാനദണ്ഡപ്രകാരം അർഹത പരിശോധിച്ച് ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക് അക്കൗണ്ട്, ആധാർ രേഖകൾ എന്നീ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഫണ്ട് ലഭ്യതയ്ക്കനുസൃതമായി ധനസഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ധനസഹായമായി മാസത്തിൽ അനുവദിക്കുന്ന തുക നാമമാത്രമായതിനാൽ ആയത് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ആശ്വാസകിരണം പദ്ധതി ധനസഹായം 525/- രൂപയിൽ നിന്നും 600/- രൂപയായി വർദ്ധിപ്പിച്ചു കൊണ്ട് 21.10.2016 ലെ സ.ഉ. (എം.എസ്) നം. 51/2016 സാനീവ പ്രകാരം ഉത്തരവായിരുന്നു. ടി തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള വിഷയം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ